**ജി വി എച്ച് എസ് എസ് വട്ടേനാട് 2017-18**

**വിഷൻ - 100**

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**(രൂപീകരണത്തിനുള്ള സഹായി)**

---

**ഓർത്തുവെക്കേണ്ടവ**

**ലക്ഷ്യങ്ങളിൽ മുൻഗണനയുള്ളത്**

- **തുല്യതക്കും, ഗുണതക്കും ഊന്നൽ നൽകും**
- **സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും**
- **സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കും.**
- **കലാ - കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ മികവു തെളിയിക്കുന്നതിനുള്ള അവസരങ്ങളൊരുക്കും.**
- **'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്നരീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും.**
- 5 വർഷക്കാലയളവിലേക്കുള്ള പദ്ധതികളാണ് രൂപീകരിക്കേണ്ടത്. (ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താൻ കഴിയും വിധം അയവുള്ളതായിരിക്കും (Flexible)
- പദ്ധതികളെ ഹ്രസ്വകാലം,മധ്യകാലം,ദീർഘകാലം എന്നിങ്ങനെ മൂന്നായി തരംതിരിക്കണം
- ഓരോ മുഖ്യലക്ഷ്യത്തിനും ഉപലക്ഷ്യങ്ങൾ, അവക്കുള്ള പ്രവർത്തനങ്ങൾ, നടപ്പാക്കുന്നരീതി ചുമതലകൾ, കാലയളവ്, ധനകാര്യവിശകലനം, മോണിറ്ററിംഗ് (വിലയിരുത്തൽ) എന്നിങ്ങനെ എഴുതിത്തയ്യാറാക്കണം.

**പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്**

- **1 മുതൽ 12 വരെ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിലും ഓരോ കുട്ടിക്കും, കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം.**

ഇതിന്റെ ഭാഗമായി,

- ലൈബ്രറി ശാക്തീകരണപ്രവർത്തനങ്ങൾക്കുള്ള പദ്ധതി
- ലാബ് ശാക്തീകരണത്തിനുള്ള പദ്ധതി
- കമ്പ്യൂട്ടർലാബ് വികസനം - ഐസിടി സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി (ഓരോ ക്ലാസിലെയും പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായവിധത്തിൽ)
- ജൈവവൈവിധ്യഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പദ്ധതി ( ഓരോ ക്ലാസിലെയും പഠനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും വിധം സസ്യലതാദികൾ, ജീവികൾ, ആവാസവ്യവസ്ഥകൾ എന്നിവയുടെ ചെറുരൂപങ്ങൾ....)

എന്നിവ വികസിപ്പിക്കണം.

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവഭൂപടം രൂപീകരിക്കൽ എന്നവക്കുള്ള പ്രോജക്ടുകൾ ഓരോ വിഷയത്തിലും (അനുയോജ്യമായവ)
  - നിർമ്മാണപ്രവർത്തനങ്ങൾ
  - സ്വാശ്രയശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

- 'വിമുക്തി' ലഹരിവിമുക്ത ക്യാമ്പസ്, ലഹരിവിമുക്തസമൂഹം.......
- ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ....
- ഗ്രീൻ പ്രോട്ടോക്കോൾ ( പ്ലാസ്റ്റിക് രഹിത, മാലിന്യമുക്ത ക്യാമ്പസ്) പ്രവർത്തനങ്ങൾ
- വ്യക്തി- പരിസരശുചിത്വ പ്രവർത്തനങ്ങൾ......
- സേവനപ്രവർത്തനങ്ങൾ - ആശ്രിതർക്കൊരു കൈത്താങ്ങ് പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവക്കുള്ള പ്രോജക്റ്റുകൾ ഉണ്ടാവണം.

* 'കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂളിടങ്ങൾ' പ്രായോഗികമാക്കാനുള്ള പദ്ധതികൾ ഉണ്ടാവണം.
  - വിശ്രമസ്ഥലങ്ങൾ ആകർഷകവും ശിശുസൗഹൃദവുമാക്കൽ
  - ഇരിപ്പിടങ്ങൾ കളിയിടങ്ങളാക്കൽ (വിവിധ തരം കുട്ടിക്കളികൾക്കിണങ്ങുന്ന വിധം)
  - വള്ളിക്കുടിലുകൾ നിർമ്മിക്കൽ (കൂട്ടുകൂടാനും, വിശ്രമിക്കാനും, കളിക്കാനും, പരിശീലനത്തിനുമൊക്കെ) തുടങ്ങിയവക്കുള്ള പദ്ധതികൾ
* ടാലന്റ് ലാബ് പ്രാവർത്തികമാക്കാനുള്ള പദ്ധതികൾ ഉണ്ടാവണം.
* സർഗ്ഗച്ഛമരുകൾ പ്രായോഗികമാക്കാനുള്ള പദ്ധതി ഉണ്ടാവണം.
* കുട്ടികളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് കലാ- കായിക - സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം.
* കുട്ടികളുടെ ശാരീരിക ( പോഷകാഹാരം)– മാനസികാരോഗ്യ (മാനസിക വെല്ലുവിളികൾ മറികടക്കുന്നതിനുള്ള കൗൺസലിംഗ് ...) വികസനത്തിനുള്ള പദ്ധതികൾ ഉണ്ടാവണം.
* ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ ഉണ്ടാവണം.
* സ്ത്രീശാക്തീകരണം, സ്ത്രീ സുരക്ഷ എന്നിവക്കുള്ള പദ്ധതികൾ ഉണ്ടാവണം.
* പുതിയ വെല്ലുവിളികൾ മറികടക്കുന്നതിനുള്ള അധ്യാപകശാക്തീകരണത്തിനുള്ള പദ്ധതികൾ ഉണ്ടാവണം.
*
*

കുട്ടികളുടെ സർവ്വധോമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനപദ്ധതികളാണ് രൂപകല്പന ചെയ്യേണ്ടത്. 5 കൊല്ലത്തിനപ്പുറം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തുവരുന്ന കുട്ടിയുടെ ആശയധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലുമുണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ അനായാസം ആശയവിനിമയത്തിനുപയോഗിക്കാൻ കഴിയും വിധം കുട്ടിയിലുണ്ടാകുന്ന ആത്മവിശ്വാസം, തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം, എന്നിവ മനസ്സിൽ കണ്ട് ഇത്തരം മാറ്റങ്ങളുണ്ടാവാൻ ആവശ്യമായ മുഴുവൻ പശ്ചാത്തലസൗകര്യങ്ങളും, പ്രായോഗികമായി ഒരുക്കുന്നതിനും, പുതിയവെല്ലുവിളി ഏറ്റെടുക്കാൻ സ്വയം സന്നദ്ധമായിക്കൊണ്ട് അധ്യാപകശാക്തീകരണത്തിനുള്ള സൗകര്യമൊരുക്കുന്നതിനുമൊക്കെ സാധ്യമാകുന്നവിധത്തിലുള്ള, ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് നാം ഏറ്റെടുക്കുന്നത്. ഈ പ്രക്രിയ എത്രമാത്രം കാര്യക്ഷമമായി നിർവ്വഹിക്കുന്നു എന്നത് നാം വിഭാവനം ചെയ്ത അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന സങ്കല്പത്തെ സാധൂകരിക്കുന്നതാവണം. അത് സാധ്യമാകും വിധം കാഴ്ചപ്പാടും, ചിന്തയും, പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തിക്കാൻ എല്ലാവരും സജ്ജരാവുക. വരുംതലമുറക്കുവേണ്ടിയുള്ള കരുതലാണിത്.

**പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം**

30-11-2017 നുള്ളിൽ – സ്കൂൾ എസ് ആർ ജി, സബ്ജക്ട് കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ പദ്ധതി രൂപീകരണത്തിനുള്ള പൊതുധാരണകൾ കണ്ടെത്തൽ

10-12-2017 നുള്ളിൽ - പിടിഎ, എസ് എം സി, അധ്യാപകസംയുക്തയോഗത്തിൽ പദ്ധതിക്ക് കരട് രൂപം നൽകൽ

15-12-2017 നുള്ളിൽ - പദ്ധതി രൂപരേഖ തയ്യാറാക്കൽ

20-12- 2017 - പിടിഎ, എസ് എം സി, സ്കൂൾ പാർലമെന്റ് ,അധ്യാപക സംയുക്തയോഗ ത്തിൽ കരടുപദ്ധതി മെച്ചപ്പെടുത്തൽ, അംഗീകരിക്കൽ

31-12-2017 നുള്ളിൽ - കരട് പദ്ധതി രൂപരേഖ എഴുതിത്തയ്യാറാക്കൽ

15-01-2018 നുള്ളിൽ - കരട് പദ്ധതി രൂപരേഖ വിദഗ്ദസമിതി പരിശോധനയും, നിർദ്ദേശങ്ങളും കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലും

25-01-2018 - അക്കാദിക മാസ്റ്റർ പ്ലാൻ DTP ചെയ്ത് തയ്യാറാക്കൽ

31-01-2018 - സ്കൂൾ വികസനസമിതിയോഗത്തിൽ വെച്ച് പൊതുജനസമക്ഷം പദ്ധതി സമർപ്പിക്കൽ, അംഗീകാരം നേടൽ

01-02-017 - എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ സംസ്ഥാനതല പ്രഖ്യാപനം.

**പദ്ധതി രൂപീകരണപ്രക്രിയ – ഒരുദാഹരണം**

**ഭാഷ**

**മുഖ്യലക്ഷ്യങ്ങൾ:-**

* **എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും, നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്നശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.**
* 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ടു പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്നു ഭാഷകളെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിനു പ്രാപ്തരാകും.
* സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയ ത്തിനുതകുന്നവിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാകും.
* 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മകപ്രവർത്തന ങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവു വികസിപ്പിക്കും.
* 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

**ആദ്യത്തെ മുഖ്യലക്ഷ്യത്തിന്റെ ഉപലക്ഷ്യങ്ങൾ:-**

* ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധി തമായി പൂർത്തിയാക്കും.
* എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പു വരുത്തും.
* **വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും. (ലൈബ്രറി ശാക്തീകരണം)**

* ഓരോ അക്കാദമികവർഷവും വിവിധ ക്ലാസുകളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന വിധത്തിൽ ഡിസ്കോഴ്സുകൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
* വിവിധക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗ്ഗാത്മകപ്രകടനങ്ങൾക്കുള്ള അവസരങ്ങൾ പരിപോഷിപ്പിക്കും.
* സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും, ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.(ബുള്ളറ്റിൻ ബോർഡുകൾ, ചുമർപത്രികകൾ,കൈയ്യെഴുത്തുപ്രതികൾ)
*

**<u>മൂന്നാമത്തെ ഉപലക്ഷ്യത്തിന്റെ പ്രവർത്തനങ്ങൾ</u> (ലൈബ്രറി ശാക്തീകരണത്തിന്റെ)**

* **സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.**
* ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും.
* 'ഒരു കുട്ടിക്കൊരു പുസ്തകം പദ്ധതി'/'ബാഗ് ലൈബ്രറി' നടപ്പിലാക്കും.
* വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
* രക്ഷിതാക്കളുടെ വായനാ പരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

**<u>ഒന്നാമത്തെ പ്രവർത്തനത്തിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന വിധം</u>**

## I. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

**1. ആമുഖം:-**

സ്കൂൾലൈബ്രറിയുടെ നിലവിലെ അവസ്ഥ, ലഭ്യമായ പുസ്തകങ്ങളുടെ എണ്ണം, ഇനം, ഉപയോഗിക്കുന്ന രീതി, നിലവിൽ ലഭ്യമായ സൗകര്യങ്ങൾ, എങ്ങനെയൊക്കെ മാറണം, തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഖണ്ഡികയിൽ എഴുതണം.

**2. ലക്ഷ്യം:-**

2018 ഡിസമ്പർ 31 ന് മുമ്പ് സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും, പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യും.

**3. പ്രവർത്തനങ്ങൾ:-**

* നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരം തിരിക്കുന്നു.എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലാക്രമത്തിൽ ക്രമീകരിക്കുന്നു. (2018 ഏപ്രിൽ, മെയ് മാസങ്ങളിൽ)
  - ചുമതലക്കാരും, തെരഞ്ഞെടുത്ത അധ്യാപകരും (വിവിധ വിഷയങ്ങളിൽ നിന്നും) ഏതാനും കുട്ടികളും
* ഓരോക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
  - പാഠാസൂത്രണത്തിന്റെ ഭാഗമായി സബ്ജക്റ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ (2018 മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ)
* പുസ്തകവിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു.(2018 ജൂൺ രണ്ടാമത്തെ ആഴ്ചയിൽ)
  - ഓരോ ക്ലാസിൽ നിന്നും ക്ലാസ് അധ്യാപികയുടെ നേതൃത്വത്തിൽ ഒരാൺകുട്ടിയെയും ഒരു പെൺകുട്ടിയെയും കുട്ടിലൈബ്രേറിയന്മാരാകുന്നു.
  - ചെയ്യേണ്ട പ്രവർത്തനരീതികളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം

നൽകുന്നു. ഓരോ ക്ലാസിനും ഒരു നോട്ടുപുസ്തകം വിതരണരജിസ്റ്ററായി നൽകുന്നു.

- പുസ്തകവിതരണം ആഴ്ചയിലൊരിക്കൽ (എല്ലാ ബുധനാഴ്ചയും ഉച്ചക്ക് 1.30 ന്)

* ലൈബ്രറിയുടെ ചുമരുകളെല്ലാം പ്രശസ്ത സാഹിത്യകാരന്മാരുടെ ഫോട്ടോകൾ, കലകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവകൊണ്ട് അലങ്കരിക്കുന്നു. ചുമരുകളിൽ വായനയുമായി ബന്ധപ്പെട്ട വചനങ്ങൾ എഴുതി വെക്കുന്നു.(2018 ഏപ്രിൽ, മെയ് മാസങ്ങളിൽ)

* വിവിധവിഷയങ്ങളിൽ നൽകിയ ലിസ്റ്റനുസരിച്ച്,ലഭ്യമായ ഫണ്ടുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കുന്നു. (2018 നവമ്പർ,ഡിസമ്പർ മാസങ്ങളിൽ)

**4. നിർവ്വഹണച്ചുമതല**

* ലൈബ്രറി ചുമതലയുള്ള അനൂപ് ലാൽ, വിദ്യാരംഗം കൺവീനർ സുജയ, സബ്ജക്റ്റ് കൗൺസിൽ കൺവീനർ ജാലക ,തെരഞ്ഞെടുക്കുന്ന മറ്റ് അംഗങ്ങൾ

**5. ധനകാര്യ വിശകലനം**

| | | |
|---|---|---|
| - ചുമരുകൾ പെയ് ന്റ് ചെയ്ത് ആകർഷകമാക്കുന്നതിന് | - | 5000.00 |
| - ഫോട്ടോ, ചിത്രങ്ങൾ എന്നിവ സജ്ജമാക്കുന്നതിന് | - | 10000.00 |
| - പുസ്തകങ്ങൾ വാങ്ങുന്നതിന് (ഏകദേശം) | - | 25000.00 |
| - ആനുകാലികങ്ങൾക്ക് പ്രതിവർഷവരിസംഖ്യക്ക് | - | 5000.00 |
| | | ------------ |
| **ആകെ** | - | **45000.00** |
| | | ======= |

( ഇത് പിടിഎ, എസ് എസ് എ, ആർ എം എസ് എ, ഗ്രാമപഞ്ചായത്ത്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ കണ്ടെത്തണം)

**6. മോണിറ്ററിംഗ്:-**

ഡെ. ഹെഡ്മാസ്റ്റർ, എസ് ആർ ജി കൺവീനർ, സബ്ജക്റ്റ് കൗൺസിൽ കൺവീനർ, സ്കൂൾ പാർലമെന്റംഗം, പിടിഎ/എംപിടിഎ പ്രതിനിധി.

**************************

**II. 2018 ഓഗസ്റ്റ് 31 ന് മുമ്പ് ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കും.**

**പ്രവർത്തനങ്ങൾ:-**

* വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിനും വേണ്ട റിസോർസ്/റഫറൻസ്, വായനാപുസ്തകങ്ങളുടെ ലിസ്റ്റ് തയ്യറാക്കൽ, ഡിവിഷനുകളനുസരിച്ച് എണ്ണം തിട്ടപ്പെടുത്തൽ (പാഠാസൂത്രണത്തോടനുബന്ധിച്ച് സബ്ജക്റ്റ് കൗൺസിൽ കൺവീനർമാരുടെ നേതൃത്വത്തിൽ 2018 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ)

* വിവിധ പുസ്തകപ്രസാധകർ, ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട് ലഭ്യത ഉറപ്പാക്കൽ ( ലൈബ്രറി ചുമതലയുള്ള അധ്യാപകന്റെ നേതൃത്വത്തിൽ - 2018 മെയ് മാസത്തിൽ)

* ക്ലാസ് പിടിഎ, ഒ എസ് എ, അധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തിൽ വിഭവസമാഹരണവും പുസ്തകശേഖരണവും.

(പിടിഎ, എസ്എംസി,ക്ലാസ പിടി...നേതൃത്വത്തിൽ - 2018 ജൂൺ, ജൂലൈ മാസങ്ങളിൽ)

* ക്ലാസ് ലൈബ്രറി സംവിധാനമൊരുക്കുന്നതിന് ഓരോ ക്ലാസിലും സൗകര്യമൊരുക്കൽ (നിലവിൽ ഓരോ ക്ലാസ് മുറിയിലുമുള്ള ഷെൽഫ് പ്രയോജനപ്പെടുത്തുന്നു. ആവശയമായവ പിടിഎ യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു - 2018 ജൂൺ, ജൂലൈ മാസങ്ങളിൽ)
* 'പിറന്നാളിനൊരു പുസ്തകം ക്ലാസ് ലൈബ്രറിക്ക് ' പരിപാടി
  - അധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് പരിപാടിയുടെ ഉദ്ഘാടനം(2018 ജൂൺ മാസത്തെ ആദ്യ അസംബ്ലിയിൽ - മെയ്, ജൂൺ മാസങ്ങളിൽ പിറന്നാൾ വരുന്ന അധ്യപകരും ഏതാനും കുട്ടികളും പുസ്തകം നൽകി ക്കൊണ്ട്)
  - ക്ലാസധ്യാപകരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കൽ (2018 ജൂൺ ആദ്യ വാരം)
  - 2018 ജൂൺ മാസത്തെ ആദ്യക്ലാസ് പിടിഎ യോഗത്തിൽ രക്ഷിതാക്കളെ വിവരമറിയി ക്കൽ
  - ഓരോ അസംബ്ലിയിലും ലഭ്യതയനുസരിച്ച് പുസ്തകങ്ങളുടെ കൈമാറ്റം (അതാത് ക്ലാസ് ടീച്ചർക്കോ കുട്ടി ലൈബ്രേറിയൻമാർക്കോ)
* ലഭ്യമായ പുസ്തകങ്ങൾ തരം തിരിക്കൽ, ക്രമീകരിക്കൽ, പഠനപ്രവർത്തനവുമായി ബന്ധപ്പെ ടുത്ത് പ്രയോജനപ്പെടുത്തൽ

**III. 2018 നവമ്പർ 14 ന് കുട്ടിക്കൊരു പുസ്തകം പദ്ധതി - 'ബാഗ് ലൈബ്രറി' സംവിധാനം പ്രാവർത്തിക മാക്കും.** (എല്ലാ കുട്ടികളുടെയും വാഗിൽ എപ്പോഴും ഒരു വായനാപുസ്തകം ഉണ്ടാകുമെന്ന് ഉറപ്പാക്കുന്നതിന്, സ്കൂളിലെ ആകെ കുട്ടികളുടെ എണ്ണമനുസരിച്ചോ, അല്പം കൂടുതലോ പുസ്തകങ്ങൾ പ്രാദേശിക വിഭവസമാഹരണ ത്തിലൂടെ കണ്ടെത്തി പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രയോജനപ്പെടുത്തുന്നതിന്)

* 2018 ജൂൺ മാസത്തിൽ പദ്ധതി പ്രഖ്യാപനം നടത്തുന്നു. (അസംബ്ലിയിലോ, പൊതുചട ങ്ങിലോ വെച്ച്-പ്രഖ്യാപനം നടത്തുന്ന വ്യക്തി നിശ്ചിതഎണ്ണം പുസ്തകം നൽകിക്കൊണ്ട്)
* **'ബാഗ് ലൈബ്രറി'** യിലേക്ക് എന്റെ വക പുസ്തകസമാഹരണ ക്യാമ്പെയ് ൻ സംഘടിപ്പി ക്കുന്നു.(അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, മറ്റു പ്രാദേശിക കൂട്ടായ്മകൾ, അഭ്യുദയകാംക്ഷികൾ..........എന്നിവരിൽ നിന്നും പുസ്തകങ്ങളോ/ ധനസഹായമോ സ്വീകരിച്ച് പുസ്തകശേഖരം ഉണ്ടാക്കുന്നു. - 2018 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ)
* പുസ്തകങ്ങൾ യു പി, ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നിങ്ങനെ നിജപ്പെടുത്തുന്നു. നിലവാര മനുസരിച്ച് തരംതിരിക്കുന്നു. കുട്ടികളുടെ എണ്ണമനുസരിച്ച് പുസ്തകങ്ങളുടെ ലഭ്യത വിലയിരു ത്തുന്നു. ആവശ്യമെങ്കിൽ കൂടുതൽ ക്യാമ്പെയ് ൻ സംഘടിപ്പിക്കുന്നു.(2018 സെപ്റ്റംബറിൽ)
* ശേഖരിച്ച പുസ്തകങ്ങളുടെ വിപുലമായ പ്രദർശനം സംഘടിപ്പിക്കുന്നു.(2018 ഒക്ടോബറിൽ) (പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട്)
* ഒരോ ക്ലാസിലെയും കുട്ടികളുടെ എണ്ണമനുസരിച്ച് പുസ്തകങ്ങൾ ക്ലാസുകൾക്ക് വീതിച്ചു നൽകുന്നു. ഉപയോഗിക്കേണ്ട രീതി പൊതുവായി തീരുമാനിച്ച് അറിയിക്കുന്നു. (2018 നവമ്പർ ആദ്യവാരം)

* 2018 നവമ്പർ 14 ശിശുദിനത്തിൽ **'ബാഗ് ലൈബ്രറി'** സംവിധാനം നടപ്പിലായതിന്റെ പ്രഖ്യാപനം.(വിപുലമായ ചടങ്ങ്)
* സംവിധാനം ഫലപ്രദമായി നടപ്പിലാവുന്നുണ്ടെന്ന് മോണിറ്ററിംഗിലൂടെ ഉറപ്പു വരുത്തുന്നു. (ആദ്യ മാസം ആഴ്ചയിലൊരിക്കൽ, അടുത്തമാസം രണ്ടാഴ്ചയിലൊരിക്കൽ, തുടർന്ന് മാസത്തിലൊരിക്കൽ)

**IV. 2018 ജൂലൈ 31 ന് വായനാപരിപോഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കും.** (വായന പ്രോത്സാഹിപ്പിക്കുന്നതിനും വായിച്ചപുസ്തകങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങൾ വിവിധരീതിയിൽ പ്രകടിപ്പിക്കുന്നതിനും, പ്രകാശിപ്പിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കുന്നതിന്)

* വായനാവാരത്തോടനുബന്ധിച്ച് പുസ്തകപ്രദർശനം, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് പുസ്തകങ്ങൾ കാണാനും പരിചയപ്പെടാനും വാങ്ങിക്കാനും വായനയുടെ ആസ്വാദനതലം മനസ്സിലാക്കാനും അവസരമൊരുക്കുന്നു. (2018 ജൂൺ 19 നു മുമ്പുള്ള 5 ദിവസം)
* വായനാവാരത്തിൽ വായനോത്സവം സംഘടിപ്പിക്കുന്നു. മുഴുവൻ കുട്ടികളും ഒരു പുസ്തകമെങ്കിലും വായിച്ചുവെന്ന് ഉറപ്പുവരുത്തുന്നു.(സബ്ജക്റ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ) ഏറ്റവും കൂടുതൽ പുസ്തകം വായിച്ചകുട്ടികളെ അസംബ്ലിയിലും,പൊതുചടങ്ങിലും ആദരിക്കുന്നു. സമ്മാനങ്ങൾ നൽകുന്നു.( 2018 ജൂൺ 19 മുതൽ ജൂൺ 30 വരെ)
* വായനാക്കുറിപ്പു തയ്യാറാക്കൽ
  - ആഴ്ചതോറും വായനാക്കുറിപ്പു മത്സരം ക്ലാസ് തലത്തിൽ
  - ഓരോ ക്ലാസിൽ നിന്നും തെരഞ്ഞെടുത്ത മൂന്നെണ്ണം വീതം ക്ലാസടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ മത്സരം
  - മാസത്തിലൊരിക്കൽ സമ്മാനാർഹമായ വായനാക്കുറിപ്പുകളിൽനിന്നും മികച്ച ഓരോന്നിന് ക്ലാസ് അടിസ്ഥാനത്തിൽ പുസ്തകസമ്മാനം.
  - ആഴ്ചതോറും ക്ലാസ് തല വായനാക്കുറിപ്പി പതിപ്പുനിർമ്മാണം, മാസത്തിലൊരിക്കൽ സ്കൂൾ തലത്തിൽ സമ്മാനിതമായ കുറിപ്പുകൾ ഒരുമിച്ചുചേർത്ത് പതിപ്പുനിർമ്മാണം.
- വർഷാവസാനം ഒരോ മാസവും സമ്മാനിതമായ വായനാക്കുറിപ്പുകൾ ചേർത്ത് അച്ചടിച്ച് റഫറൻസിനായി വായനാക്കുറിപ്പു പതിപ്പുനിമ്മാണം.(2019 ജനവരി 26 ന് പ്രകാശനം)

**V. 2018 മാർച്ച് 31 നകം വിവിധക്ലാസുകൾക്ക് വായനാനുഭവങ്ങൾ പങ്കുവെക്കുന്നതിനായി ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കും.**

- എസ് ആർ ജി ചേരുന്നു.
- ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ, വലുപ്പം, നിർമ്മാണ വസ്തുക്കൾ എന്നിവ തീരുമാനിക്കുന്നു.
- എസ് എം ഡി സി ചേർന്ന് RMSA ഫണ്ട് വിനിയോഗം തീരുമാനിക്കുന്നു.
- വിവിധ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ സ്വീകരിക്കുന്നു.
- നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു.
- നിശ്ചിത സമയത്തിനുള്ളിൽ ബോർഡുകൾ സ്ഥാപിക്കുന്നു.
- പ്രയോജനപ്പെടുത്തുന്നുവെന്ന് മോണിറ്റർ ചെയ്യുന്നു.

**VI. 2018 ജൂൺ 30 നുള്ളിൽ നവമാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗിച്ച് ഡിജിറ്റൽ വായനക്കും, കുട്ടികളുടെ സർഗ്ഗാത്മക രചനകളുടെ പ്രകാശനത്തിനുമുള്ള അവസരമൊരുക്കുന്നു.**

* സ്കൂളിനുവേണ്ടി ബ്ലോഗ് ആരംഭിക്കുന്നു. (2018 ഏപ്രിൽ,മെയ് മാസങ്ങളിൽ)

- ഒരു പേരു കണ്ടെത്തുന്നു. SITC യുടെ സഹായത്താൽ ബ്ലോഗ് രൂപകല്പന ചെയ്യുന്നു.
- അധ്യാപകർക്കും 'കുട്ടിക്കൂട്ടം' കുട്ടികൾക്കും പ്രായോജനപ്പെടുത്തേണ്ട രീതി സംബന്ധിച്ച് പ്രായോഗിക പരിശീലനം നൽകുന്നു.(2018 മെയ്,ജൂൺ മാസങ്ങളിൽ)
- ക്ലാസ് അധ്യാപകരെ ഉപയോഗിച്ചും അസംബ്ലിയിലും കുട്ടികളുടെ മികച്ചപ്രകടനങ്ങൾ പ്രകാശനം ചെയ്യാൻ വേണ്ടി ബ്ലോഗ് തുടങ്ങിയ വിവരം കുട്ടികളെ അറിയിക്കുന്നു. (ആദ്യ അസംബ്ലിയിൽ)
- ഉണ്ടാകുന്ന ഉല്പന്നങ്ങളിൽ മികച്ചവ അതാത് സമയങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികളെ ഉപയോഗിച്ചുകൊണ്ട് പോസ്റ്റ് ചെയ്യുന്നു. (2018 ജൂൺ മുതൽ)

* സ്കൂൾ വിക്കിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. (2018 ജൂൺ മുതൽ)

- ഐടി@സ്കൂൾ ആരംഭിച്ച സ്കൂൾ വിക്കിയിലും കുട്ടികളുടെ മികച്ച പ്രകടനങ്ങൾ അപ്ലോഡ് ചെയ്യുന്നു.(SITC യുടെ സഹായം പ്രയോജനപ്പെടുത്തിക്കൊണ്ട്)

* വെബ്സൈറ്റ്, ഫേസ് ബുക്ക് പേജ് എന്നിവ ആരംഭിക്കുന്നു.(2018 ഏപ്രിൽ,മെയ് മാസങ്ങളിൽ)

- മറ്റു നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നപോലെ ഇവയുടെ ഉപയോഗവും സാർവ്വത്രികമാക്കുന്നു ( 2018 ജൂൺ മാസം മുതൽ)

**VII. 2018 ജൂലൈ 31 ഓടുകൂടി ക്ലാസ് പത്രങ്ങളും, സ്കൂൾ പത്രവും, ഇ-പത്രനിർമ്മാണവും നടപ്പിലാക്കുന്നു.**

* ആഴ്ചയിലൊരിക്കൽ ഒരു ക്ലാസ് പത്രം പ്രകാശനം, ഒരു ടേമിലൊരു സ്കൂൾ പത്രം എന്ന രീതിയിൽ പത്രനിർമ്മാണവും പ്രകാശനവും നടത്തുന്നു.(2018 ജൂൺ മാസം മുതൽ)

- ക്ലാസ് പത്രം നിർമ്മാണത്തിന്റെ പ്രക്രിയ എല്ലാ ക്ലാസ് അധ്യാപകരെയും ബോധ്യപ്പെടുത്തുന്നു. (2018 ജൂൺ മാസം ആദ്യവാരം)
  . ക്ലാസ് പത്രനിർമ്മാണത്തിന് സന്നദ്ധരായ കുട്ടികളെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കുന്നു.
  . ക്ലാസിലെ ബേസിക് ഗ്രൂപ്പുകൾ(പത്രം ഗ്രൂപ്പ്) ഓരോ ദിവസവും വാർത്തകൾ എഴുതിത്തയ്യാറാക്കുന്നു.(ഓരോ കുട്ടിയുടെയും ഓരോ ആഴ്ചയിലെയും വാർത്തകൾ ടാഗ് ചെയ്ത് സൂക്ഷിച്ചുവെക്കുന്നു. ഓരോ ടേമിലും വാർത്തകൾ എഴുതുന്നതിലുണ്ടായ വളർച്ച വിലയിരുത്തുന്നു. കുട്ടിയെയും രക്ഷിതാവിനെയും ബോധ്യപ്പെടുത്തുന്നു.(ഇത് സ്വതന്ത്രവായനക്കും എഴുത്തിനുമുള്ള ഒരു പഠനപ്രവർത്തനമായി നടത്താനുള്ളതുമാണ്)
  . ഓരോ ദിവസത്തിലും ഉണ്ടായ മികച്ച വാർത്തകൾ കണ്ടെത്തി പ്രത്യേകം സൂക്ഷിക്കുന്നു.(എഡിറ്റോറിയൽ ബോർഡിലെ ചുമതലപ്പെടുത്തുന്ന കുട്ടി)
  . ഈ വാർത്തകളിൽ മികച്ചവ കണ്ടെത്തി വെള്ളിയാഴ്ച ക്ലാസ് പത്രം നിർമ്മിക്കുന്നു. തിങ്കളാഴ്ച അസംബ്ലിയിൽ ഊഴമനുസരിച്ച് 2 ക്ലാസുകൾ പത്രംവായിച്ചവതരിപ്പിക്കുന്നു. മറ്റുള്ളവ പൊതുവായി പ്രദർശിപ്പിക്കുന്നു. ഏറ്റവുംമികച്ച പത്രം

കണ്ടെത്തി ഓരോ ആഴ്ചയിലും സമ്മാനങ്ങൾ നൽകുന്നു.

- ഇതുപോലെ സ്കൂൾ പത്രനിർമ്മാണത്തിനും ഇ-പത്രനിർമ്മാണത്തിനുമായി സ്കൂൾ തലത്തിൽ ഒരു എഡിറ്റോറിയൽ ബോർഡ് ഉണ്ടാക്കുന്നു.
- മേൽസൂചിപ്പിച്ച പ്രകാരം സമാനമായ പ്രക്രിയകളിലൂടെ സ്കൂൾ പത്രം പ്രിന്റ് ചെയ്ത് പ്രകാശനം നടത്തുന്നു.(2018 ഓഗസ്റ്റ്, നവമ്പർ, ഫെബ്രുവരി മാസങ്ങളിൽ)

(പത്രത്തിലേക്കുള്ള പരസ്യം, സ്പോൺസർഷിപ്പ് എന്നിവയിലൂടെ പത്രം പ്രിന്റ് ചെയ്യുന്നതിനുള്ള ധനസമാഹരണം സാധ്യമാക്കാം.)

*ചുമതലകൾ:- HSS ജേർണലിസം അധ്യാപിക, വിദ്യാരംഗം കൺവീനർ, ഓരോ സ്റ്റാന്റേർഡിൽ നിന്നും തെരഞ്ഞെടുത്ത ഓരോ അധ്യാപിക, SITC/J.SITC, സ്കൂൾ പാർലമെന്റ് ചുമതലയുള്ള കുട്ടി, മലയാളം ടൈപ്പിംഗ് വേഗത്തിൽ ചെയ്യാനറിയുന്ന 2 കുട്ടികൾ

**VIII. 2018 ജൂലൈ 31 നകം രക്ഷിതാക്കളുടെ വായനാപരിപോഷണത്തിനുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കും.**

**പ്രവർത്തനങ്ങൾ.**

*NB :- ഒന്നൊഴികെയുള്ളതിനെല്ലാം പദ്ധതിയുടെ പ്രവർത്തനങ്ങളും പ്രക്രിയകളും മാത്രമാണ് നൽകിയിട്ടുള്ളത്. പദ്ധതി രൂപരേഖയുടെ ഫോർമാറ്റിൽ (ഒന്നാമത്തേത് തയ്യാറാക്കിയതുപോലെ) ഇവയെല്ലാം എഴുതി തയ്യാറാക്കണം.*

*************************************